# ഇൻകംടാക്സ് എംപ്ലോയീസ് ഫെഡറേഷൻ
# കേരള സർക്കിൾ

എറണാകുളം,
17-08-2015

പ്രിയസുഹൃത്തെ,

മാറിവരുന്ന തൊഴിൽസാഹചര്യങ്ങളും പുതിയപ്രവണതകളും സർക്കാർനയങ്ങളും വളരെയധികം ദോഷകരമായി ഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം നമ്മെ മറ്റൊരുസമരമുഖത്ത് എത്തിച്ചിരിക്കുന്നു. തന്റെ തൊഴിൽദാതാവിനെ വിഷമവൃത്തത്തിലാക്കുന്ന ഒരു കഠിന നടപടിയിലേക്ക് പോകുന്നതിനുമുമ്പ് ഓരോ മനുഷ്യനും പലവട്ടംചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യാറുണ്ട്. ചർച്ചകളും സൂചനാനടപടികളും ഫലംകാണാത്ത സാഹചര്യം ഈ വരുന്ന **സെപ്റ്റംബർ 2–ന് ദേശവ്യാപകമായി പണിമുടക്കിലേയ്ക്ക്** തൊഴിൽസമൂഹത്തെ കൊണ്ടെത്തിച്ചരിക്കുന്നു. ഇവരോടൊപ്പം ITEFഉം അണിചേരുകയാണ്.

അഞ്ചുവർഷത്തിലൊരിക്കൽ വേതനപരിഷ്കരണമെന്ന ആവശ്യം പരിഗണിക്കപ്പെട്ടില്ലെന്നു മാത്രമല്ല, ക്ഷാമബത്ത ലയനവും ഇടക്കാലാശ്വാസവും പ്രഖ്യാപിക്കാതിരുന്നത് 7–ാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ നിർദ്ദേശ സാധ്യതകളെ സംശയത്തോടെ വീക്ഷിക്കുവാൻ കാരണമായി തീർന്നിരിക്കുന്നു. ഒരു അനുരഞ്ജനം എന്ന നിലയിൽ നിർദ്ദേശിക്കപ്പെട്ട 01–01–2014 മുതൽ ശമ്പളപരിഷ്ക്കരണമെന്ന ആവശ്യംപോലും ബധിര കർണ്ണങ്ങളിലാണ് പതിച്ചത്. തുടക്കത്തിൽ പലരും തിരിച്ചറിയാതെ പോയതും പിന്നീട് അനുഭവിക്കേണ്ടിവരികയും ചെയ്ത 6–ാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ അപാകതകൾ ഇന്നും പരിഹരിക്കപ്പെടാതെകിടക്കുന്നു. എന്നും പിന്നാമ്പുറത്തേയ്ക്ക് മാറ്റിനിർത്തപ്പെട്ട ഗ്രാമീൺ ഡാക്സേവക് ജീവനക്കാരെ മുഖ്യധാരയിൽ പരിഗണിക്കുകയും 7–ാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമുണ്ട്.

ബോണസിന് പരിധി നിശ്ചയിക്കുകയും ആ പരിധിതന്നെ കാലോചിതമായി വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്ത് പരിഹാസ്യമാക്കിത്തീർക്കുന്നു. ഗ്രാറ്റുവിറ്റിയുടെ ഉയർന്ന പരിധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത് സർവ്വീസ്കാലത്തിന്റെ ദൈർഘ്യവും പ്രമോഷനുകളും പ്രയോജനരഹിതമായി മാറാനിടയാക്കുന്നു. സർവ്വീസിലിരിക്കേ കാലവിയോഗംവരുന്ന സഹപ്രവർത്തകരുടെ കുടുംബത്തിന് വലിയൊരാശ്വാസമായ ആശ്രിത നിയമനത്തിന്റെ പരിധി പലപ്പോഴും കാലത്താമസത്തിനും നിയമനംതന്നെ കൈമോശംവരുന്നതിനും കാരണമായിത്തീരുന്നു. കാലകാലങ്ങളിൽ ലഭിക്കുന്ന പ്രമോഷനുകൾ ജീവനക്കാരുടെ സാമ്പത്തിക–സാമൂഹിക നിലനിൽപ്പിനും വളർച്ചയ്ക്കും മാത്രമല്ല, സ്വാഭാവികമായി വന്നുചേരുന്ന മുരടിപ്പ് ഒഴിവാക്കുന്നതിനും ആവശ്യമാണെന്ന തിരിച്ചറിവിൽ ഒരുസർവ്വീസ് കാലഘട്ടത്തിൽ **5** പ്രമോഷനുകളെങ്കിലും ഉറപ്പുവരുത്തേണ്ടതുണ്ട്. സർക്കാർജീവനക്കാരുടെ ഏറ്റവുംവലിയ പ്രതീക്ഷയും ആശ്വാസവും ആയിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ചുകൊണ്ട് PFRDA നിയമം പിൻവലിക്കപ്പെടേണ്ടതുതന്നെയാണ്.

സാമ്പത്തിക ഉദാരീകരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും ആഗോളീകരണത്തിന്റെയും പരിണിതപ്രവണതയായ കരാർനിയമനങ്ങൾ കേന്ദ്ര സർവ്വീസിനെയും കാർന്നുതിന്നുതുടങ്ങിയിരിക്കുന്നു. എന്നാൽ കരാർതൊഴിലാളിക്കു ലഭിക്കുന്നതോ അന്നന്നത്തെ അപ്പത്തിനുപോലും ഉതകാത്ത തുകയും. കരാർനിയമനങ്ങളും ജോലികളും അവസാനിപ്പിക്കുകയും കേന്ദ്രസർവ്വീസിൽ നിയമനങ്ങൾക്കുള്ള തടസ്സങ്ങൾ നീക്കി ഒഴിവുള്ള എല്ലാ തസ്തികകളിലും സ്ഥിരനിയമനം നടത്തേണ്ടതുമുണ്ട്. ഒഴിവാക്കുവാൻ കഴിയാത്ത സാഹചര്യങ്ങളിൽ നടത്തപ്പെടുന്ന കരാർനിയമനങ്ങളിൽ, സ്ഥിരജീവനക്കാർക്ക് തുല്യമായ വേതനം ഉറപ്പുവരുത്തേണ്ടതാണ്.

JCM ഉൾപ്പെടെയുള്ള ചർച്ചാവേദികളെ പ്രഹസനമാക്കി മാറ്റുന്നത് അംഗീകരിക്കുവാനാവില്ല. കേന്ദ്രസർവ്വീസ്സംഘടനകൾ സമർപ്പിച്ചിട്ടുള്ള അവകാശപത്രികകൾക്ക് അംഗീകാരം ലഭിക്കേണ്ടതുണ്ട്. റെയിൽവെ, ഡിഫൻസ്, ഇൻഷ്വുറൻസ് തുടങ്ങിയമേഖലകൾ നേരിട്ടുള്ള വിദേശനിക്ഷേപങ്ങൾക്ക് തുറന്നുകൊടുക്കുവാനും തപാൽമേഖലയെ സ്വകാര്യവത്ക്കരിക്കാനുമുള്ള നീക്കങ്ങളെ ജനങ്ങളോടുള്ള വെല്ലുവിളിയായേ കാണുവാൻ കഴിയുകയുള്ളു.

തൊഴിലാളികളുടെ കുറഞ്ഞവേതനം കാലോചിതമായി പരിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. തൊഴിലാളിയൂണിയനുകൾ രൂപീകരക്കുവാൻ നൽകുന്ന അപേക്ഷകൾ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതും ILO കൺവെൻഷനിലെ തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുന്നതും തൊഴിൽസമൂഹത്തോടുള്ള വെല്ലുവിളിയായേ കാണുവാൻ കഴിയുകയുള്ളു. തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന തൊഴിൽനിയമ ഭേദഗതികൾ പിൻവലിക്കപ്പെടേണ്ടതുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ജനജീവിതം ദുസ്സഹമാക്കിതീർക്കുംവിധം വിലവർദ്ധനയ്ക്ക് കാരണമാകുന്നു.

ഈ സാഹചര്യങ്ങൾ ഭരണ പ്രതിപക്ഷ ഭേദമന്യേ, ഭാരതത്തിലെ പ്രമുഖ തൊഴിലാളിസംഘടനകളെ സമരരംഗത്ത് ഒരേ മനസ്സോടെ അണിനിരത്തിയിരിക്കുന്നു. കേന്ദ്രജീവനക്കാരും ഇതരതൊഴിൽമേഖലകളിൽ ജോലിചെയ്യുന്ന സഹോദരങ്ങളോടൊപ്പം കൈകോർത്ത് ദേശീയ പണിമുടക്കിൽ പങ്കാളികളാകുന്നു. ഈ സമരം സൃഷ്ടിക്കുന്ന പ്രകമ്പനം 7–ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലും അനുഗുണമായ ചലനം സൃഷ്ടിക്കുമെന്ന തിരിച്ചറിവോടെ **സെപ്റ്റംബർ 2–ന് നടക്കുന്ന ദേശീയ പണിമുടക്കിൽ** നമ്മളുടെ സഹകരണംഉറപ്പാക്കാം.

**അഭിവാദനങ്ങളോടെ,**

**എ.ജി. നാരായൺ ഹരി**
**ജനറൽ സെക്രട്ടറി**

**ബാബു തോമസ്**
**പ്രസിഡന്റ്**

# അവകാശപത്രിക

1. കരിഞ്ചന്തയും പൂഴ്ത്തിവയ്പും അവസാനിപ്പിച്ച് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി വിലക്കയറ്റം തടയുക.
2. നിയമന നിരോധനത്തിലെ തടസ്സങ്ങൾ പിൻവലിച്ച്, എല്ലാ ഒഴിവുകളും നികത്തുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
3. തൊഴിലാളികൾക്കെതിരായ എല്ലാ തൊഴിൽ നിയമഭേദഗതികളും പിൻവലിക്കുകയും തൊഴിൽ നിയമങ്ങളുടെ ലംഘനം ഉണ്ടായാൽ ഉടമകൾക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
4. തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തി, PFRDA ബിൽ പിൻവലിച്ച്, സ്റ്റാറ്റ്യൂട്ടറി പെൻഷൻ മുഴുവൻ ജീവനക്കാർക്കും ബാധകമാക്കുക.
5. മിനിമം വേതനം പരിഷ്ക്കരിക്കുക, 01.01.2014 മുതൽ ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കുക, അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുക, ഇടക്കാലാശ്വാസവും, DA അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കലും അടിയന്തിരമായി നടപ്പിലാക്കുക, 6–ാം ശമ്പളകമ്മീഷൻ അപാകതകൾ പരിഹരിക്കുക. ഗ്രാമീൺ ഡാക് സേവക് ജീവനക്കാരെ ഏഴാം ശമ്പളകമ്മീഷന്റെ പരിധിയിൽ കൊണ്ടുവരിക.
6. കോൺട്രാക്ട് ജീവനക്കാർക്ക് സ്ഥിരം ജീവനക്കാരുടേതിന് തുല്യമായ വേതനം നല്കുകയും, സ്ഥിരസ്വഭാവമുള്ള തൊഴിലുകളെ കോൺട്രാക്ട് പരിധിയിൽ നിന്നൊഴിവാക്കി ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക. സർക്കാർ സർവ്വീസിൽ നടക്കുന്ന പുറം കരാർവത്ക്കരണം, സ്വകാര്യവത്ക്കരണം എന്നിവ അവസാനിപ്പിക്കുക. പ്രിന്റിംഗ് പ്രസ്സ് അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കുക. ദിവസവേതന–കാഷ്വൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ട്രെയിൻഡ് അപ്രന്റീസിന്റെ നിയമനം ഉറപ്പുവരുത്തുകയും ചെയ്യുക.
7. ബോണസ്സ് പരിധി എടുത്തുകളയുക, ഗ്രാറ്റിറ്റി പരിധി ഉയർത്തുക.
8. തൊഴിലാളി യൂണിയനുകൾ രൂപീകരിക്കാൻ അപേക്ഷ നല്കിയാൽ 45 ദിവസത്തിനകം തീരുമാനമെടുക്കുകയും, ILO കൺവെൻഷന്റെ തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക. JCM ഉൾപ്പെടെയുള്ള എല്ലാ ചർച്ചാവേദികളും സജീവമാക്കുകയും, കേന്ദ്രഗവൺമെന്റ് ജീവനക്കാരുടെ അവകാശപത്രിക അംഗീകരിക്കുകയും ചെയ്യുക.
9. റെയിൽവേ, ഡിഫൻസ്, ഇൻഷുറൻസ് മേഖലകളിലെ നേരിട്ടുള്ള വിദേശനിക്ഷേപം (FDI) ഒഴിവാക്കുക. പോസ്റ്റൽസർവ്വീസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ സ്വകാര്യവത്കരണവും കോർപ്പറേറ്റ്വത്കരണവും അവസാനിപ്പിക്കുക
10. ആശ്രിത നിയമന പരിധി എടുത്തുകളയുക
11. കേന്ദ്രസർവ്വീസിൽ 5 പ്രമോഷൻ ഉറപ്പുവരുത്തുക.

എറണാകുളം
17.08.2015